(ബി) കാസർഗോഡ് ജില്ലയിൽ ഉദുമ, കാസർഗോഡ്, തൃക്കരിപ്പൂർ മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിരുന്നില്ല. വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണം വൈദ്യുതീകരണം നടക്കാതെ പോയ വെള്ളരിക്കയ, മല്ലംപാറ പ്രദേശങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ വിതരണ മേഖലയിൽ 391 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുകയും 608 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 868 കി.മീ. എൽ.ടി. ലൈൻ നിർമ്മിച്ച് 72770 പേർക്ക് വൈദ്യുതികണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ പദ്ധതിയായ ആർ.ജി.ജി.വി.വൈ-യിൽ ഉൾപ്പെടുത്തി ജില്ലയിൽ 85.796 കി.മീ. 11 കെ.വി. ലൈൻ നിർമ്മിച്ച് 96 ട്രാൻസ്ഫോർമറുകൾ (25 കെ.വി.എ) സ്ഥാപിക്കുകയും 6616 എണ്ണം ബി.പി.എൽ. ഉപഭോക്താക്കൾക്ക് സൗജന്യ കണക്ഷനും 1000 ച. അടിയിൽ താഴെ വിസ്തീർണ്ണമുള്ള 403 എ.പി.എൽ. വിഭാഗത്തിലുള്ളവരുടെ വീടുകൾക്ക് ഓവർഹെഡ് ലൈനുകൾ സൗജന്യമായി നിർമ്മിച്ച് വൈദ്യുതി ഭാഗത്തിനുള്ള ചെലവ് മാത്രം ഈടാക്കിക്കൊണ്ട് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ ജ്യോതി യോജന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നിർദ്ധനർക്ക് ഏകദേശം 4700 കണക്ഷനുകൾ നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി

10 (4592) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.ഡി.യു.ജി.ജെ.വൈ (Deendayal Upadhyaya Gram Jyoti Yojana) പ്രകാരം ചങ്ങനാശ്ശേരി മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി സെക്ഷനുകളിൽ നടപ്പിലാക്കുവാൻ തയ്യാറാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജോലികൾ എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

<u>ഉത്തരം</u>

(എ) കറിച്ചി, പെരുന്ന, തുരുത്തുമ്മേൽ, വാകത്താനം, കുറുച്ചാൽ, മണിമല, പത്തനാട്, ചങ്ങനാശ്ശേരി എന്നീ സെക്ഷനുകളിലായി നടപ്പിലാക്കാൻ തയ്യാറാക്കിയ പദ്ധതികൾ മുഖേന ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. 17 കി.മീ. നീളത്തിൽ 11 കെ.വി. ലൈൻ വലിക്കുക.

2. 18 കി.മീ. 11 കെ.വി. ലൈൻ എ.ബി.സി. ഉപയോഗിച്ച് വലിക്കുക.

3. 1.5 കി.മീ. 11 കെ.വി. ലൈൻ കണ്ടക്ടർ മാറ്റിയിടുക.

4. 19 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

5. 6.3 കി.മീ. എൽ.റ്റി. ലൈൻ വലിക്കുക.

6. 15 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനാക്കി മാറ്റുക.

7. 15 കി.മീ. എൽ.റ്റി. ലൈൻ എ.ബി.സി. ഉപയോഗിച്ച് വലിക്കുക.

8. 52 കി.മീ. എൽ.റ്റി. ലൈൻ കണ്ടക്ടർ മാറ്റിയിടുക.

9. 273 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുക.

10. 900 കേടായ മീറ്ററുകൾ മാറ്റിവയ്ക്കുക.

(ബി) കോട്ടയം ജില്ലയിൽ ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഡി.പി.ആർ. വെബ് പോർട്ടൽവഴി പദ്ധതിയുടെ നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ജോലികൾ ഇടങ്ങാൻ സാധിക്കും.

കെ.എസ്.ഇ.ബി. പെൻഷനും ശമ്പളവും

11 (4593) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. പെൻഷൻ ഇനത്തിൽ ഓരോ മാസവും എത്ര രൂപ ചെലവാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ; പെൻഷൻ വാങ്ങുന്ന ആൾക്കാർ എത്ര ;

(ബി) ശമ്പള ഇനത്തിൽ കെ.എസ്.ഇ.ബി. മാസം എത്ര കോടി രൂപ ചെലവഴിക്കുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തെ താത്കാലിക കണക്കുപ്രകാരം ബോർഡിന് പെൻഷൻ ഇനത്തിൽ പ്രതിമാസം ശരാശരി 65.20 കോടി രൂപ ചെലവായിട്ടുണ്ട്.

32242 പേർ പെൻഷൻ വാങ്ങുന്നു.

(ബി) 2013-14 സാമ്പത്തിക വർഷത്തെ താത്കാലിക കണക്കുപ്രകാരം ബോർഡ് ശമ്പള ഇനത്തിൽ പ്രതിമാസം ശരാശരി 64.60 കോടി രൂപയും ക്ഷാമബത്ത ഇനത്തിൽ 54 കോടി രൂപയും ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly